©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 സെപ്റ്റംബർ 15
15th September 2025
1201 ചിങ്ങം 30
30th Chingam 1201
1947 ഭാദ്രം 24
24th Bhadra 1947

നമ്പർ
No. 3270

ഫോറം നമ്പർ 10

(ചട്ടം 21(16) കാണുക)

19 -ാം വകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം

കെ6-868932/2024 *2025 സെപ്തംബർ 12*

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 11-ൽ ഉപ വകുപ്പ് 1 പ്രകാരമുള്ള വിജ്ഞാപനം 07-02-2025-ാം തീയതിയിലെ 465-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധിപ്പെടുത്തിയിട്ടുള്ളതിനാലും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 15 (1) പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി പരിഗണിച്ച് പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടതാണെന്ന് സ്ഥലമെടുപ്പ് ആഫീസർ പരിഗണിച്ച് പൊന്നുംവിലയ്ക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏറ്റെടുക്കേണ്ടതാണെന്ന് സ്ഥലമെടുപ്പ് ആഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സമുചിത ഗവൺമെന്റിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ അതിനാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 19 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.0600 ഹെക്ടർ (പുറമ്പോക്ക് ഒഴികെ) അല്ലെങ്കിൽ അതിൽ അൽപം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് തിരുവനന്തപുരം ജില്ലയിൽ , കാട്ടാക്കട താലൂക്കിൽ , കുളത്തുമ്മൽ വില്ലേജിൽ പ്ലാവൂർ ഗവ.ഹൈസ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ എ (അന്താരാഷ്ട്ര വിമാനത്താവളം) തിരുവനന്തപുരം എന്നയാളോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു ശ്രുപരേഖ സ്പെഷ്യൽ തഹസിൽദാർ, എൽ എ (അന്താരാഷ്ട്ര വിമാനത്താവളം) ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ആഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതുമാണ്. സർവ്വെ സംബന്ധിച്ച് അപ്പീൽ ഉണ്ടെങ്കിൽ ഈ നോട്ടീസ് പരസ്യപ്പെടുത്തി മുന്നു മാസത്തിനകം 1961-ലെ കേരള സർവ്വെയും അതിരടയാളവും നിയമത്തിലെ (1961 -ലെ 37-ാം നിയമം) 12-ാം വകുപ്പ് പ്രകാരം സ്പെഷ്യൽ തഹസിൽദാർക്ക് അവകാശ രേഖകളുടെ പകർപ്പ് സഹിതം സമർപ്പിക്കാവുന്നതാണെന്ന് ടി നിയമത്തിലെ 9-ാം വകുപ്പ്, 2-ാം ഉപവകുപ്പ് പ്രകാരം അറിയിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ റിക്കാർഡുകൾ പരിശോധിച്ച് അപ്പീൽ സമർപ്പിക്കാത്ത പക്ഷം മേൽ പറഞ്ഞ റിക്കാർഡുകൾ അന്തിമമാണെന്ന് പരിഗണിച്ച് ഈ നിയമത്തിലെ 13-ാം വകുപ്പ് അനുസരിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതാണ്.

പട്ടിക -1

ജില്ല : തിരുവനന്തപുരം **വില്ലേജ് : കുളത്തുമ്മൽ**
താലൂക്ക് : തിരുവനന്തപുരം **ബ്ലോക്ക് :** 9

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ക്രമ നം	സർവ്വെ നമ്പർ	എൽ.എ സബ് ഡിവിഷൻ	വിവരണം	വിസ്തീർണ്ണം ഹെക്ടർ
1	214/10-1	20	പുരയിടം	0.0399
2	214/10-1-3	21	പുരയിടം	0.0201
			ആകെ	**0.0600**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക – 2

പുനഃസ്ഥാപനത്തിനുള്ള ഭൂമിയുടെ വിവരം

ബാധകമല്ല

പട്ടിക – 3

പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പാക്കേജിന്റെ സംക്ഷിപ്തം

ബാധകമല്ല

ഒപ്പ്/-
ജില്ലാ കളക്ടർ
തിരുവനന്തപുരം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.15 09:17:55 +05:30